## കാർഷിക വായ്പയ്ക്കുള്ള പലിശയിളവ്

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നം. T*421.

(T*421) ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുള്ള വായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്ന പലിശയിളവ് 2015 ജൂൺ മുതൽ അവസാനിപ്പിക്കാൻ പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പലിശരഹിത വായ്പാ പദ്ധതികളുൾപ്പെടെയുള്ള കാർഷിക വായ്പാ പദ്ധതികളെ പ്രസ്തുത തീരുമാനം ഹാനികരമായി ബാധിക്കുമെന്നത് പരിഗണിച്ച് കേന്ദ്ര സർക്കാർ അനുവദിച്ചു വന്നിരുന്ന പലിശയിളവ് തുടരാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ,

(എ – സി) ഹ്രസ്വകാല കാർഷിക വായ്പ്പയ്ക്കുള്ള പലിശ സബ് വെൻഷൻ ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റമില്ലാതെ തന്നെ ജൂലൈ 31, 2015 വരെ നൽകുന്നതിന് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനുശേഷമുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന്റെ നടപടിക്രമങ്ങളെ കുറിച്ച് കേന്ദ്രസർക്കാരിൽ നിന്ന് നിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. സി. മോയിൻകുട്ടി: സർ, കാർഷികമേഖലയിൽ, യഥാർത്ഥ കർഷകനായ അങ്ങ് മന്ത്രിയായി വന്നതിനുശേഷം നിരവധി നേട്ടങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു. അങ്ങേയറ്റത്തെ കഠിനാധ്വാനമാണ് ചെയ്യുന്നത്. പക്ഷെ, സംസ്ഥാനത്തിന്റെ കാർഷികമേഖലയുടെ വളർച്ചാനിരക്ക് വർഷംതോറും negative approach ആണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2013-14-ൽ കൃഷി അനുബന്ധമേഖലയിൽ രേഖപ്പെടുത്തിയിട്ടുള്ള വളർച്ചാനിരക്ക് -1.36 ആയി കുറഞ്ഞുവെന്നാണ് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. ഈ അവസ്ഥ നിലനിൽക്കുമ്പോൾ, പലിശ സബ്സിഡിയോടൊപ്പം വർഷങ്ങളായി

ലഭിച്ചുകൊണ്ടിരിക്കുന്ന വായ്പയുള്ള അവസരം കൂടി നഷ്ടമായാൽ സ്ഥിതി അത്യന്തം ഗൗരവതരമായി തീരും.  ഇത്രയും ഗൗരവതരമായ ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റുമായി ആശയവിനിമയങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ചർച്ച ഇന്ന് തുടരുന്നുണ്ടോ; എന്താണ് സ്ഥിതി? കാലവർഷക്കെടുതിയിൽ വൻ നാശനഷ്ടങ്ങളാണ് വിശേഷിച്ചും മലയോര മേഖലകളിലൊക്കെ നടക്കുന്നത്.  വളരെ പരിതാപകരമായിട്ടുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. ഒരു വാഴയ്ക്ക് 5 രൂപയാണ് നൽകുന്നത്. ഇത് കർഷകരെ അങ്ങേയറ്റം അപമാനിക്കുന്നതിനു തുല്യമാണ്, മാനക്കേടാണ്. കർഷകരെ ഇങ്ങനെ അപമാനിക്കരുത്. അത് കേന്ദ്രനയത്തിന്റെ ഭാഗമായിട്ടാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ വളരെ അടിയന്തരമായി ഈ കാര്യത്തിൽ ഇടപെട്ട് കേന്ദ്രവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിഹാരം ഉണ്ടാക്കണം. കൃഷി അന്യംനിന്നു പോകാതെ സൂക്ഷിക്കേണ്ട ബാധ്യതകൂടി ഏറ്റെടുത്തുകൊണ്ട് വളരെ ഗൗരവതരമായിട്ടുള്ള ഇടപെടൽ കേന്ദ്ര ഗവൺമെന്റിൽ നടത്തി ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ സാധിക്കുമോ?

മി. സ്പീക്കർ:  ചോദ്യങ്ങൾ ചോദിക്കുന്ന അംഗങ്ങൾ ചുരുക്കി ചോദിക്കണം. അതുപോലെ മന്ത്രിമാർ ചുരുക്കി മറുപടി പറയണം. കൂടുതൽ അംഗങ്ങൾക്ക് അവസരം കിട്ടണം. കൂടുതൽ ചോദ്യങ്ങൾ എടുക്കണം. അതിന് എല്ലാവരും സഹകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ആദ്യം പറഞ്ഞത് തെറ്റായ ഒരു പ്രസ്താവനയാണ്. ഇവിടെ വളർച്ചാനിരക്ക് കൂടുകയാണുണ്ടായത്. 2011-12 കാലഘട്ടങ്ങളിൽ -7 ആയിരുന്നു. അത് പിന്നീട് -1 ആയി മാറി. 2013-14 കാലഘട്ടങ്ങളിൽ കേരളത്തിലെ അഗ്രികൾച്ചറൽ ഗ്രോത്ത് റേറ്റ് +5.62 ആയി മാറിയിട്ടുണ്ട്. ഇക്കണോമിക് റിവ്യൂവിലെ കണക്കാണ്. പലിശയിളവിനെക്കുറിച്ച് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിയുമായി സംസാരിക്കുകയും കത്തിടപാടുകൾ നടത്തുകയും ചെയ്തു. വളരെ സൗഹാർദ്ദപരമായ സമീപനമാണ് ഇക്കാര്യത്തിൽ ഉണ്ടായത്. പലിശയിളവ് നൽകുന്നത് ജൂലൈ 31-വരെ നീട്ടിയിട്ടുണ്ട്. കേന്ദ്രസർക്കാർ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഹ്രസ്വകാല കാർഷിക വായ്പയിന്മേലുള്ള പലിശയിളവ് പദ്ധതി നടപ്പിലാക്കുന്നതിന് 13,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എങ്കിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത കേന്ദ്രസർക്കാർ പരിശോധിച്ചു വരികയാണ്. ഈ മാസംതന്നെ വീണ്ടും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുകയും ജൂലൈ 31-നകം തീർപ്പുണ്ടാക്കാൻ വേണ്ടിയുള്ള സമ്മർദ്ദം കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ചെയ്യും.

<u>ശ്രീ. സി. മോയിൻകുട്ടി:</u> സർ, എനിക്ക് ലഭ്യമായിട്ടുള്ള കണക്കുപ്രകാരം

കേരളത്തിലെ 77.7 ശതമാനം കർഷക കുടുംബങ്ങളും കടബാധ്യതയുള്ളവരാണ്. ശരാശരി ഒരു കുടുംബത്തിന്റെ വായ്പാസംഖ്യ 2,13,600/- രൂപയാണെന്നാണ് സൂചിപ്പിക്കുന്നത്. ഇത് ദേശീയ ശരാശരിയുടെ നാലിരട്ടിയിലേറെയാണ്. കർഷക കടബാധ്യതയുടെ ഈ വളർച്ച ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇത് തുടർന്നുവരുന്ന ഒരു പ്രതിഭാസമാണ്. ഈ ഉയർന്ന കടബാധ്യതയിൽനിന്ന് കൃഷിക്കാരെ കരകയറ്റുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, പ്ലാനിംഗ് ബോർഡിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം കൃഷിയെക്കുറിച്ചാണ്. അതുപ്രകാരം അതിനുള്ള സൗകര്യങ്ങളും സഹായങ്ങളും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ഇതിനുവേണ്ടി കിസാൻ ക്രെഡിറ്റ് കാർഡും ഉണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ബാങ്കിൽ നിന്നും 3 ലക്ഷം രൂപവരെ ഹ്രസ്വകാല വായ്പ ലഭിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ 18,77,000 കർഷകരെ കൃഷിവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവർക്ക് പ്രത്യേകമായി അഗ്രി കാർഡ് നല്കുന്നതാണ്. ഈ അഗ്രി കാർഡ് വച്ചുകൊണ്ട് എന്തൊക്കെയാണ് കൃഷി ചെയ്തു വരുന്നത് എന്നതിന്റെ

അടിസ്ഥാനത്തിൽ അവർക്ക് ഹ്രസ്വകാല വായ്പകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, കർഷകരുടെ കാര്യത്തിൽ പ്രത്യേകമായ താല്പര്യമെടുക്കുന്ന ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് കേന്ദ്രഗവൺമെന്റ് സഹായം നിഷേധിച്ചതുകൊണ്ട്, 2015 ജൂലൈ 31-ന് ഇനി ഒരാഴ്ചകൂടിയേ ബാക്കിയുള്ളൂ, അതുകൊണ്ട് ഇപ്പോൾതന്നെ അതിന്റെ നടപടി എടുക്കേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് പല ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കുന്ന സാഹചര്യമുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റിന് കൂടുതൽ താല്പര്യം കൊടുക്കുന്ന ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് ചെറുകിട കർഷകരെ സഹായിക്കുന്നതിന്, പ്രത്യേകിച്ച് മഴ കുറഞ്ഞ ഈ വർഷം വലിയ കഷ്ടപ്പാടുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട്, കാലാവധി നീട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് നടപടിയുണ്ടായില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ബദൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, സംസ്ഥാന സർക്കാർതന്നെ ഇതിന്മേൽ നടപടി സ്വീകരിക്കുന്നുണ്ട്. വായ്പകൾക്ക് കേന്ദ്രസഹായം നല്കുന്നില്ലെങ്കിൽ വായ്പ കൃത്യമായി അടയ്ക്കുന്നവർക്കുവേണ്ടി നാലുശതമാനത്തോളം പലിശ ഇളവു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാർഷിക വായ്പയ്ക്കുള്ള പലിശയിളവ് നിർത്തലാക്കാൻ പോകുന്നു എന്നത് ആശങ്കാജനകമാണ്. ഈ സൗകര്യം സംസ്ഥാനത്ത് എത്ര ആളുകൾ ദുരുപയോഗപ്പെടുത്തി എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. ലാൻഡ് സർട്ടിഫിക്കറ്റ് കൊടുത്താൽ ബാങ്കിൽ നിന്ന് പൈസ കിട്ടും. ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശനിരക്കിൽ പൈസ വാങ്ങി, ആ പൈസ മറ്റു ബാങ്കുകളിൽ എഫ്.ഡി. ആയി നിക്ഷേപിക്കുകയോ ബിസിനസ്സ് ചെയ്യാൻവേണ്ടി ഇൻവെസ്റ്റ് ചെയ്യുകയോ ചെയ്യുന്ന ധാരാളം കർഷകരല്ലാത്ത ആളുകളുണ്ട്. കർഷകർക്കുള്ള ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്ന പല ആളുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ എത്ര ആളുകൾ ഈ സംവിധാനം ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് ദുരുപയോഗപ്പെടുത്തുന്നുണ്ട് എന്നുമാത്രമല്ല കൃഷിയുടെ നികുതി ചീട്ട് വച്ചുകൊണ്ട് ലോൺ എടുക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ബാങ്കിന്റെ ഉത്തരവാദപ്പെട്ടവരൊക്കെ പറയുന്ന കാര്യങ്ങളാണിത്. ഇത്

പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അവർക്കെതിരെ നടപടിയെടുക്കുന്നതിനുപകരം അവരെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന നടപടികൾ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ബാങ്കുകളെയും അതുപോലുള്ള പ്രസ്ഥാനങ്ങളെയും ഇത് എങ്ങനെയാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന സഹകരണ ബാങ്കുകൾക്ക് ഇതിൽ നിന്ന് മോചനം ലഭിക്കുന്നതിനുവേണ്ടിയുള്ള പോംവഴി ആലോചിച്ചിട്ടുണ്ടോ; മറ്റ് സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, സഹകരണ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും അടക്കമുള്ള ബാങ്കുകളാണ് ഇന്ന് കാർഷികവായ്പകൾ കൂടുതലായി നല്കുന്നത്. കൂടാതെ, കാനറാ ബാങ്കുകളും നാഷണലൈസ്ഡ് ബാങ്കുകളും നൽകുന്നുണ്ട്. ഇങ്ങനെ നല്കുമ്പോൾ കൃത്യമായി തിരിച്ചടവ് വരുന്നില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗത്തിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ആളുകൾ പറയാറുണ്ട്. അതിന് പോംവഴി എന്ന നിലയിലാണ് അവരെ സഹായിക്കാൻവേണ്ടി കൃത്യമായി വായ്പ അടയ്ക്കുന്നവർക്ക് പലിശയിൽ ഇളവ് വരുത്തുന്നത്.

ശ്രീ കെ. ദാസൻ: സർ, രാജ്യത്തെ ദേശസാൽകൃത ബാങ്കുകളുടെയും സ്വകാര്യബാങ്കുകളുടെയും കിട്ടാക്കടം 6 ലക്ഷം കോടി രൂപയാണ് എന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കാർഷികവായ്പയും വിദ്യാഭ്യാസ വായ്പയും കൊടുത്തതിന്റെ ഫലമായിട്ടാണ് ഈ പണം കൂടുതലായി കിട്ടാനുള്ളത്. കേരളം ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനമാണ്. കേരളത്തിൽ കാർഷിക വായ്പയും വിദ്യാഭ്യാസ വായ്പയും കൂടുതൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. പലിശയും മുതലും തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ല എന്നു പറഞ്ഞുകൊണ്ട് ഈ എടുത്ത വായ്പ കിട്ടാക്കടമായി പ്രഖ്യാപിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, അത് ആവശ്യപ്പെടാം. പക്ഷെ കാർഷിക കടാശ്വാസ കമ്മീഷൻ മുഖാന്തിരം അപേക്ഷിക്കാനുള്ള തയ്യാറെടുപ്പുണ്ടായാൽ അവർക്ക് കുറെ ഇളവ് അനുവദിക്കാനും വൺ ടൈം സെറ്റിൽമെന്റിലൂടെ കുറെയൊക്ക പരിഹരിക്കപ്പെടാനും കഴിയുന്നുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, കാർഷിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ ഹ്രസ്വകാല വായ്പകൾക്കുമാത്രമേ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നുള്ളൂ. കാർഷിക ആവശ്യങ്ങൾ എന്നുപറയുമ്പോൾ ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് വളരെ പ്രധാനമാണ്. കാർഷികമേഖലയിൽ ഇൻവെസ്റ്റ് ചെയ്യുന്നതിനായി

ധാരാളം കൃഷിക്കാർ പുതിയതായി ഈ രംഗത്തേയ്ക്ക് വരുന്നതിനുവേണ്ടി ദീർഘകാല കാർഷിക വായ്പകൾ കൊടുക്കുന്നുണ്ട്. അതിന് ഈ ഇന്ററസ്റ്റ് സബ് വെൻഷൻ ഇപ്പോൾ അനുവദിക്കുന്നില്ല. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. അതുകൊണ്ട് ഗവൺമെന്റ് ദീർഘകാല വായ്പയ്ക്കുകൂടി ഇന്ററസ്റ്റ് സബ് വെൻഷൻ അനുവദിക്കുന്നതിന് കേന്ദ്രത്തിനോട് അഭ്യർത്ഥിക്കുവാനും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ അതിന് സമ്മർദ്ദം ചെലുത്തുന്നതിനും വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുമോ?

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗ്രാമവികസന വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ളവർ ഇക്കാര്യം സൂചിപ്പിച്ചതാണ്. ഈ പറഞ്ഞ രീതി വളരെ പ്രധാനപ്പെട്ടതാണ്. ഹ്രസ്വകാല വായ്പകൾകൊണ്ട് കൃഷിയെ കൂടുതൽ കാര്യക്ഷമമാക്കാനും കർഷകരെ സഹായിക്കാനും സാധ്യമല്ല. അതുകൊണ്ട് ദീർഘകാല വായ്പകൾക്കും പലിശയിളവ് വേണെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കേരളത്തിലെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കേരള നിയമസഭയുണ്ടാക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പണമിടപാടു സംവിധാനത്തിൽ നിന്നെടുക്കുന്ന വായ്പകൾക്കു മാത്രമേ കർഷകന് കടാശ്വാസത്തിന് അപേക്ഷിക്കാൻ കഴിയുകയുള്ളുവെന്നതാണ്

കർഷക കടാശ്വാസ കമ്മീഷന്റെ ഒരു പരിമിതി. കാർഷിക ലോൺ വിപുലമായ സംവിധാനമാണ്. എല്ലാ പണമിടപാടു സംവിധാനത്തിൽ നിന്നും കർഷകൻ കടം എടുക്കുന്നുണ്ട്. കാർഷിക വായ്പയുടെ പരിധിയിൽ ഇളവ് അനുവദിക്കുന്നതിന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ 50:50 എന്ന നിരക്കിൽ സംവിധാനം ഉണ്ടാക്കുന്നതിനായി കേന്ദ്രം ഒരു മാതൃ നിയമം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു നിവേദനം നൽകിയിരുന്നു. അങ്ങനെ തീരുമാനിച്ചാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാർഷിക കടങ്ങളുള്ള കേരളത്തിലെ കർഷകന് ആശ്വാസമാകുന്ന ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാൻ സാധിക്കും. അതിനുവേണ്ടിയുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്താൻ, സർവ്വകക്ഷിയാണെങ്കിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉള്ള സംഘമാണെങ്കിലും, അങ്ങ് മുൻകൈയെടുക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ വളരെ പ്രധാനപ്പെട്ട കാര്യമാണ് പറഞ്ഞത്. ഇത്തരത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ ശാശ്വതമായ ഒരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഒരു ലക്ഷം രൂപ എടുത്തവർക്ക് മുപ്പതിനായിരമോ നാൽപ്പതിനായിരമോ രൂപയാക്കി കൊടുക്കുകയാണ് കടാശ്വാസ

കമ്മീഷൻ ഇപ്പോൾ ചെയ്തുവരുന്നത്. എന്നാൽ ആ നാൽപ്പതിനായിരം രൂപ പോലും അടയ്ക്കാൻ കഴിയാത്ത ആളുകളുണ്ട്. സമഗ്ര പദ്ധതി എന്ന നിലയിൽ ഇത്തരം കാര്യങ്ങൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുക്കണമെന്നുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബാങ്കേഴ്സ് കമ്മിറ്റിയുമായി നടത്തിയ ചർച്ചയുടെ കാര്യങ്ങൾ സൂചിപ്പിച്ചു. ശ്രീ. കെ. വി. തോമസ്, എം. പി. ചെയർമാനായ പി. എ. സി.യുടെ റിപ്പോർട്ട് വന്നതായി പത്രത്തിൽ വായിച്ചു. വൻകിട വ്യവസായികൾ കൊടുക്കാനുള്ള പണമെല്ലാം എഴുതിത്തള്ളുകയാണ്. വിദ്യാഭ്യാസ വായ്പായിനത്തിൽ ബാങ്കിൽ ഒന്നേകാൽ ലക്ഷം രൂപ കൊടുക്കാനുണ്ടായിരുന്നത് ബാങ്കിന്റെ റീജിയണൽ മാനേജരുമായൊക്കെ ചർച്ച ചെയ്ത് ഒരു ലക്ഷമാക്കി അനുവദിച്ചു. അതു കൊടുക്കാൻ ചെന്നപ്പോൾ മാനേജർ പറഞ്ഞു കാലാവധി കഴിഞ്ഞുപോയി, അത് ഒരു കമ്പനി അടച്ചു എന്ന്. മൾട്ടി നാഷണൽ കമ്പനികൾ ബാങ്കിന്റെ കടമിടപാടുകൾ മുഴുവൻ ഏറ്റെടുത്തതിനുശേഷം ഗുണ്ടകളെ ഉപയോഗിച്ചുകൊണ്ട് ജനങ്ങളിൽനിന്നും അത് കവർന്നെടുക്കാൻ പോവുകയാണ്. വിദ്യാഭ്യാസ വായ്പ പോലെ കാർഷിക വായ്പയുടെ പേരിലും

ഈയിനം ചർച്ചകൾ നടക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ വരാതിരിക്കാൻ പ്രത്യേകമായ ശ്രദ്ധ ഗവൺമെന്റ് ചെലുത്തുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെയധികം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഇത്തരം കാര്യങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. അതിനുള്ള പ്രതിവിധി എന്ന നിലയിൽ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് അടുത്ത യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കാലവർഷക്കെടുതി, വരൾച്ച എന്നീ കാരണങ്ങളാൽ വലിയ തോതിലുള്ള കൃഷിനാശങ്ങൾ സംഭവിക്കുന്നുണ്ട്. എന്നാൽ കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് ന്യായമായ നഷ്ടപരിഹാരമൊന്നും ഗവൺമെന്റ് കൊടുക്കുന്നില്ല. കേന്ദ്രഗവൺമെന്റ് ഈ നഷ്ടപരിഹാരത്തുക അടുത്തകാലത്ത് ഗണ്യമായി വെട്ടിക്കുറച്ചു. ഇത് കേരളത്തിലെ കാർഷിക മേഖലയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. കാർഷിക ഉത്പാദനരംഗത്ത് കൃഷിക്കാർ പിന്നോട്ട് പോകാനിടയാക്കിയിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ച തുക പുനഃസ്ഥാപിക്കുന്നതിനും കാലോചിതമായ നിലയിൽ നഷ്ടപരിഹാര തുക

വർദ്ധിപ്പിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും കൂടി ചേർന്നുകൊണ്ടാണ് കാലവർഷക്കെടുതിക്കുള്ള ആശ്വാസനടപടികളുമായി മുന്നോട്ട് പോകുന്നത്. 2012-ലെ ഉത്തരവ് പ്രകാരം നല്ല ആശ്വാസനടപടികളാണ് സ്വീകരിച്ചിരുന്നത്. കർഷകർക്ക് കിട്ടുന്ന ആശ്വാസവും വളരെ നല്ലതായിരുന്നു, കൂടുതലായിരുന്നു എന്ന് വരെ പറഞ്ഞിട്ടുണ്ട്. പിന്നീട് 2014-ലെ ഒരു ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ അത് ഗണ്യമായി കുറച്ചു. ഗണ്യമായി കുറച്ചു എന്ന് പറഞ്ഞാൽ ഏതാണ്ട് 100 രൂപ ഒരു വാഴക്കുണ്ടായിരുന്നത് 5 രൂപ ആയി. അത് പുനഃപരിശോധിച്ചുകൊണ്ട് സംസ്ഥാന സർക്കാർ തന്നെ മുൻകൈയെടുത്ത് 2012-ലെ ഉത്തരവ് പ്രകാരം കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഏകദേശം ജൂലൈ 31-നകം നമുക്കിതിലൊരു തീരുമാനത്തിലെത്താൻ സാധിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി വച്ചിരിക്കുകയാണ്. അതുകൊണ്ട് ആനുകൂല്യത്തിന് അർഹതയുള്ള പലർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. എലിജിബിലിറ്റി ക്രൈറ്റീരിയയിൽ മാറ്റം വരുത്താതെ അപേക്ഷ പുതുതായി സമർപ്പിക്കാനുള്ള സമയമനുവദിക്കുമോ; അതിനുള്ള നടപടി

സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഇതിന്റെ സമയം അനുവദിക്കാനുള്ള കാലാവധി നീട്ടിയിട്ടുണ്ട്. 25-04-2015-ലെ ഉത്തരവ് പ്രകാരം കമ്മീഷന്റെ കാലാവധി 2015 മെയ് 21 മുതൽ മൂന്നു വർഷത്തേയ്ക്ക് കൂടി നീട്ടിയിട്ടുണ്ട്. അതുപ്രകാരം കർഷകർക്ക് അപേക്ഷിക്കാവുന്നതാണ്.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

(*422) ശ്രീ. സി. കൃഷ്ണൻ:

ശ്രീ. പി. കെ. ഗുരുദാസൻ:

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിച്ച എം. മുരളി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ജൂൺ 25-ന് പുതിയ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉത്തരവ് കാർഷികമേഖലയ്ക്ക് അനുകൂലമെങ്കിൽ, കാർഷിക മേഖലയിലെ എല്ലാ ജോലികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ,

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുന്നതിന് സംസ്ഥാന സർക്കാർ, ശ്രീ. എം. മുരളി (എക്സ് എം.എൽ.എ) അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റി വിശദമായ പഠനങ്ങൾക്ക് ശേഷം പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശിച്ച ശുപാർശകൾ സർക്കാർ പഠിച്ച് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് വരുന്നു. ശ്രീ. എം. മുരളി (എക്സ് എം.എൽ.എ) അദ്ധ്യക്ഷനായ

കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ കേന്ദ്രസർക്കാർ ജൂൺ 25-ന് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി & ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 4(1) പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. പ്രസ്തുത പട്ടികയിലെ ഖണ്ഡിക 4 (3) പ്രകാരം, പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തനസ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലായെന്ന് അനുശാസിച്ചിട്ടുണ്ട്. അതോടൊപ്പം, ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ 60 ശതമാനത്തിൽ കുറയാത്ത തുക കാർഷിക/അനുബന്ധ മേഖലയിൽ വിനിയോഗിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ ശ്രീ. എം. മുരളി കമ്മിറ്റി സംസ്ഥാന സർക്കാരിന് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 2015 ജൂൺ മാസം 1-ാം തീയതി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് അതിലൂടെ

പാട്ടത്തിന് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നെൽകൃഷി, പച്ചക്കറി കൃഷി, ഇടവിള കൃഷി, വാഴകൃഷി, ഹ്രസ്വകാല പഴകൃഷി, പുഷ്പ-ഔഷധ സസ്യകൃഷി എന്നിവ പാട്ടകൃഷിയിലൂടെ തൊഴിലുറപ്പ് തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം പാട്ടകൃഷി തൊഴിലുറപ്പ് തൊഴിലാളി ഗ്രൂപ്പുകൾ ഏറ്റെടുക്കുമ്പോൾ, പ്രസ്തുത കൃഷിയിൽ പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത പ്രവൃത്തികൾ, ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം ഓരോ വർഷം കഴിയുംതോറും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2012-13-ൽ നിന്ന് 2014-15-ൽ എത്തിയപ്പോൾ തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം 15.26 ലക്ഷത്തിൽ നിന്ന് 13 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. ഒരുവർഷത്തിൽ 100 ദിവസം തൊഴിൽ കൊടുക്കണം എന്നാണ്. നൂറ് ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം 3,40,483-ൽ നിന്നും 2014-15-ൽ 98,430 ആയി കുറയുകയാണ് ചെയ്തത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിനുവേണ്ടി

ഇതുപോലെയുള്ള പദ്ധതികൾ പോലും ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ തൊഴിലുറപ്പുപദ്ധതിയിൽ തൊഴിൽ കൃത്യമായി ലഭ്യമാക്കുന്നതിനു വേണ്ടി ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, അങ്ങ് ഉദ്ധരിച്ച കണക്കുകൾ വസ്തുതാപരമല്ല. 2010-11-ൽ ആകെ ചിലവായത് 701.12 കോടി രൂപയും 2013-14-ൽ 1740.12 കോടി രൂപയുമാണ്. തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 2010-11 ൽ 11.85 ലക്ഷവും 2013-14-ൽ 17.84 ലക്ഷവുമാണ്. അതുപോലെ 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങൾ 2010-11- ൽ 72341-ഉം 2013-14 ൽ 465000-വുമാണ്. ഇതാണ് കണക്ക്. ഈ രംഗത്ത് വർദ്ധനവ് ഉണ്ടെന്നാണ് കണക്ക് സൂചിപ്പിക്കുന്നത്. അങ്ങ് പറയുന്നതുപോലെ താഴോട്ട് പോയിട്ടില്ല.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, ക്ഷീര കർഷകരെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് അങ്ങ് പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിൽ ഇടപെട്ടുകൊണ്ട് ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, അങ്ങ് പറഞ്ഞ നിർദ്ദേശം ഈ സഭയുടെ

പൊതുവായ വികാരമാണ്. ഈ ഗവൺമെന്റ് ചുമതലയേറ്റ ദിവസം മുതൽ ഈ സമയം വരെ തുടർച്ചയായി ഈ വിഷയം ഉന്നയിക്കുന്നുണ്ട്. പക്ഷേ തൊഴിലുറപ്പ് നിയമത്തിന്റെ ഖണ്ഡിക 4(1) പ്രകാരം കേന്ദ്രഗവൺമെന്റാണ് ഷെഡ്യൂൾ നിശ്ചയിക്കുന്നത്. കന്നുകാലി വളർത്തൽ, ഖാദി മേഖല, കയർ മേഖല എന്നീ മൂന്നു മേഖലകളെയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം പാർലിമെന്റിൽ ഉന്നയിക്കണമെന്ന് എം.പി.മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് ഗ്രൂപ്പുകൾ രൂപീകരിച്ച് അവർക്ക് പാട്ടക്കൃഷി നടത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുമെന്ന് അങ്ങയുടെ മറുപടിയിൽ പറയുന്നുണ്ട്. ധാരാളം കുളങ്ങളും കായലുകളും കേരളത്തിലുണ്ട്. ഈ കുളങ്ങളും കായലുകളും സംരക്ഷിക്കുന്നത് നമ്മുടെ വരൾച്ച തടയുന്നതിനൊരു പരിധിവരെ സഹായിക്കുന്നതാണ്. കുളങ്ങളും കായലുകളും സംരക്ഷിക്കുന്നതിന് തൊഴിലാളികളുടെ ഗ്രൂപ്പുകളെ നിയോഗിക്കാൻ സന്നദ്ധമാണോ; അതോടൊപ്പംതന്നെ ഓരോ പഞ്ചായത്തിലും രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്കെല്ലാം തൊഴിൽ കൊടുക്കാൻ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് നല്ല നിർദ്ദേശമാണ്. ഇപ്പോൾ ശ്രീ. എം. മുരളി കമ്മിറ്റി ശിപാർശയനുസരിച്ച് തൊഴിലാളികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്യാൻവേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നെൽകൃഷി, പച്ചക്കറി കൃഷി, ഇടവിളകൃഷി, വാഴകൃഷി, ഹ്രസ്വകാല പഴകൃഷി, പുഷ്പ-ഫല ഔഷധസസ്യകൃഷി എന്നിവ പാട്ടകൃഷിയിലൂടെ തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് അനുവദിച്ചിട്ടുണ്ട്. അതുപോലെ അങ്ങ് ചൂണ്ടിക്കാണിച്ചതും ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, അപകട സാധ്യതകളും സുരക്ഷയും കണക്കിലെടുത്ത് സ്ത്രീ തൊഴിലാളികളുടെ ജോലി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതുവരെ അത് നടപ്പാക്കിയിട്ടില്ല. മുമ്പ് 20 തൊഴിലാളികൾക്ക് ഒരു മേറ്റ് എന്ന കണക്കായിരുന്നു. ഇപ്പോൾ 50 തൊഴിലാളികൾക്ക് ഒരു മേറ്റ് എന്നാക്കിയതിനാൽ പ്രായോഗികമായ പല ബുദ്ധിമുട്ടുകളുമുണ്ടാകുന്നുണ്ട്. മുമ്പ് തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്തിരുന്ന പല തൊഴിലുകളും ഇപ്പോൾ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഉണ്ടായിരുന്ന തൊഴിലുപോലും നഷ്ടപ്പെടുന്ന ഒരു അവസ്ഥയാണ് വന്നിരിക്കുന്നത്.

ഗവൺമെന്റിന്റെ ജാഗ്രതക്കുറവുകൊണ്ടാണ് ഇങ്ങനെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന ഒരു സ്ഥിതിയുണ്ടായിട്ടുള്ളത്. അതുകൊണ്ട് മുമ്പ് ഉണ്ടായിരുന്ന മേഖലകൾ കൂടി ഉൾപ്പെടുത്താനും പുതിയ മേഖലയിലേയ്ക്ക് ഇത് വ്യാപിപ്പിക്കാനും അങ്ങ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമല്ല. കാരണം ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് തൊഴിലുറപ്പിന്റെ സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയാക്കിയിരിക്കുന്നത്. മറ്റെല്ലാ സംസ്ഥാനങ്ങളിലും രാവിലെ 8 മണി മുതലാണ് ആരംഭിക്കുന്നത്. കേരളത്തിന്റെ ആവശ്യം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാക്കണമെന്നാണ്. അത് അംഗീകരിച്ചിട്ടില്ല. ഒരു വർഷമായി കേരളത്തിലെ തൊഴിൽ സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെയാണ്. തൊഴിലുറപ്പിന്റെ കൂലി ഏറ്റവും കൂടുതൽ നൽകുന്ന മൂന്ന് സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. 2010-11-ൽ തൊഴിലുറപ്പിന്റെ കൂലി 150 രൂപയായിരുന്നത് ഇപ്പോൾ 227 രൂപയാണ്. മേറ്റിന്റെ എണ്ണം കുറച്ചത് ചെലവ് ചുരുക്കാൻവേണ്ടിയിട്ടാണ്. അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിൽ പതിനായിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്നുണ്ട്. തൊഴിലുറപ്പ്

നിയമത്തിൽ ഏഴ് ദിവസം മുതൽ 15 ദിവസത്തിനകം കൂലി നൽകണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. പക്ഷേ അത് നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ കൂലി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ തൊഴിലുറപ്പ് രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളിൽ ഏകദേശം 90 ശതമാനത്തോളം സ്ത്രീകളാണ്. അത് കണക്കിലെടുത്തുകൊണ്ടാണ് ജോലി സമയം കുറയ്ക്കാൻവേണ്ടി ഗവൺമെന്റ് മുൻകയ്യെടുത്തത്. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇക്കാര്യം ഉന്നയിക്കുകയുണ്ടായി. കാരണം സ്ത്രീ തൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ സ്കൂളിലയച്ചതിനുശേഷം ജോലിക്ക് പോകാൻ സാധിക്കണം. അതുപോലെ കുട്ടികൾ മടങ്ങി വരുമ്പോൾ അവർ വീട്ടിലുണ്ടാകണം. അതുകൊണ്ടാണ് ജോലിസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാക്കണമെന്ന് ആവശ്യപ്പെട്ടത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 7 ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ കൂലി കൊടുക്കണമെന്നാണ് നിയമത്തിലെ വ്യവസ്ഥ. അത് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: സര്‍, മേറ്റുമാര്‍ സ്പോട്ടില്‍ പോയി ജോലി അളന്ന് തിട്ടപ്പെടുത്തി റിപ്പോര്‍ട്ടുചെയ്യാന്‍ താമസമുണ്ടാകുന്നുണ്ട്. ആ സിസ്റ്റം പരിഷ്ക്കരിച്ചുകൊണ്ട് അവര്‍ക്ക് മൊബൈല്‍ ആപ് കൊടുത്ത് അത് ക്രമീകരിക്കാന്‍ ശ്രമിക്കുന്നുണ്ട്. ഇന്ന് കേരളത്തില്‍ ഇ.എഫ്.എം.എസ്. മുഖേന തൊഴിലാളികളുടെ കൂലി അക്കൗണ്ടിലേയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. കൂലി കൊടുക്കാന്‍ വൈകുന്നത് സ്പോട്ട് വെരിഫിക്കേഷനിലുള്ള താമസംകൊണ്ടാണ്. അത് പരിഹരിക്കാന്‍ ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ): സര്‍, നമ്മുടെ നാട്ടില്‍ നിന്നും നെല്‍കൃഷി അന്യംനിന്നുപോവുകയാണ്. നമ്മുടെ ഭക്ഷണത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണ് നെല്ല്. തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെട്ട തൊഴിലാളികളെ നെല്‍കൃഷിയിലേയ്ക്കുകൂടി ആകര്‍ഷിക്കാന്‍ കഴിഞ്ഞാല്‍ മാത്രമേ അല്ലെങ്കില്‍ അവരെ അത് ചെയ്യാന്‍ അനുവദിച്ചെങ്കില്‍ മാത്രമേ നെല്‍ക്കൃഷിക്ക് ഇനി നിലനില്പുള്ളൂ. ഇക്കാര്യം പല പ്രാവശ്യം സഭയില്‍ ഉന്നയിച്ചപ്പോഴെല്ലാം മന്ത്രി മറുപടി പറയുന്നത് കേന്ദ്രം സമ്മതിക്കുന്നില്ലെന്നാണ്. കേന്ദ്രം സമ്മതിക്കുന്നില്ലെങ്കില്‍ പിന്നെ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് നമ്മള്‍ ചര്‍ച്ചചെയ്ത് തീരുമാനിച്ചതിനുശേഷം തൊഴിലുറപ്പ് പദ്ധതിയില്‍ മുന്‍ഗണനാടിസ്ഥാനത്തില്‍ നെല്‍കൃഷി കൂടി

ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ എല്ലാ പ്രാവശ്യവും പറയുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുടേത് കേന്ദ്രനിയമമാണ്. ഗൈഡ്‌ലൈൻസ് പ്രകാരം നിശ്ചയിക്കുന്നത് കേന്ദ്രത്തിന്റെ അവകാശവും ചുമതലയുമാണ്. നമുക്ക് പ്രൊപ്പോസ് ചെയ്യാമെന്നല്ലാതെ മാറ്റം വരുത്താൻ സാധിക്കില്ല. എങ്കിലും കേരളത്തിന്റേതായ സമ്മർദ്ദം ഉൾക്കൊണ്ടുകൊണ്ട് ഈ പുതിയ വർഷം മുതൽ ഫ്ലക്സിബിലിറ്റി അനുവദിക്കുന്നുണ്ട്. ഇതിൽ കേരളത്തിനുകൂടി പങ്കാളിത്തമുള്ള രീതിയിലാക്കാൻ ശ്രമിക്കാം. പക്ഷേ ഗൈഡ്‌ലൈൻസിൽ മാറ്റം വരുത്താതെ നെൽകൃഷിയെ ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കില്ല. മാറ്റം വരുത്താൻ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതിനപ്പുറം പോകാൻ നിർവ്വാഹമില്ല.

ശ്രീ. കെ. കെ. നാരായണൻ: സർ, നമ്മുടെ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡം ഉത്തരേന്ത്യയിലേതാണ്. അതിനാൽ നമ്മുടെ പ്രാദേശികമായ സാധ്യതകൾ വിനിയോഗിക്കാൻ ഇപ്പോൾ കഴിയുന്നില്ല. അതുകൊണ്ട് നമ്മുടെ പ്രാദേശിക സാധ്യതകൾകൂടി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ കേന്ദ്രമാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സംസ്ഥാനത്തിന് സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ തൊഴിലുറപ്പ് പദ്ധതിയുടേത് മാത്രമല്ല മിക്കവാറും എല്ലാ സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെയും മാനദണ്ഡങ്ങൾ നോർത്ത് ഇന്ത്യൻ ബേസ്ഡ് ആണ്. ഓരോ സംസ്ഥാനങ്ങളുടെയും ആവശ്യം കണക്കിലെടുത്തുകൊണ്ട് ഈ ഗൈഡ് ലൈൻസിൽ ആവശ്യമായ മാറ്റമുണ്ടാകണമെന്നും ഫ്ലക്സിബിലിറ്റിയുണ്ടാകണമെന്നുമാണ് നമ്മുടെ ആവശ്യം. ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനിയും പല മാറ്റങ്ങളും ക്രമീകരിക്കാനുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് ആനുപാതികമായ വിസിബിളായിട്ടുള്ള നേട്ടങ്ങൾ പലപ്പോഴും ഉണ്ടാകുന്നില്ല. മെറ്റീരിയൽ കോസ്റ്റ് വളരെ കുറവായതാണ് അതിനുകാരണം. അതുകൊണ്ട് വികസനത്തിന് പ്രയോജനകരമാകത്തക്കവിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടിൽ തൊഴിലുറപ്പ് പദ്ധതിയിലെ ജോലിക്കാരെക്കൂടി ലിങ്ക് ചെയ്യാനുള്ള തീരുമാനമെടുക്കുമോ?

ശ്രീ. കെ. സി. ജോസഫ്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുമായി ലിങ്ക് ചെയ്തുകൊണ്ട് കൺവർജൻസ് ചെയ്യാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. മെറ്റീരിയൽ കോസ്റ്റ് 40 ശതമാനം

അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് പല സ്ഥലങ്ങളിലും ഡ്യൂറബിൾ അസറ്റ് ഉണ്ടാകുന്നുണ്ട്. ഞാൻ പല സ്ഥലങ്ങളും പോയി കാണുകയുണ്ടായി. പാലങ്ങൾ ഉണ്ടാക്കിയിരിക്കുന്നു, റോഡുകൾ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. പഴയതുപോലെ റോഡ് സൈഡിലെ പുല്ല് നീക്കം ചെയ്യുന്ന രീതിയിലല്ല ചെയ്തിരിക്കുന്നത്. ഇപ്പോൾ അസറ്റ് ക്രിയേഷന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. കുറച്ചുകൂടി ശ്രദ്ധിച്ചാൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ കനാലുകളിലെ ചെറിയ ചെറിയ കൈവഴികളിൽ അടിയുന്ന മണ്ണ് നീക്കാനും വെള്ളം തുറന്നുവിടുന്ന അവസരത്തിൽ സഹായകരമായ രൂപത്തിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്താനും സാധിച്ചാൽ പ്രത്യേകിച്ച് അവർക്ക് കൂടുതൽ തൊഴിൽ ദിവസങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അത് ഗൗരവമായി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ വരുത്തിയ മാറ്റം കൊണ്ട് തൊഴിൽ ലഭിക്കാനുള്ള സാധ്യത കുറയുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കനാലുകളുടെ നവീകരണം, ചെറിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം തുടങ്ങിയവ ഏറ്റെടുക്കാവുന്നതാണ്. ആ നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ഗ്രാമപ്രദേശങ്ങളിൽ റോഡുകൾ നിറഞ്ഞുകവിഞ്ഞ് ഓട മൂടിക്കിടക്കുന്നതുകൊണ്ട് ഇപ്പോൾ വെള്ളം നിറഞ്ഞൊഴുകുന്ന സാഹചര്യം നിത്യസംഭവമാണ്. ഇത് ശുദ്ധീകരിക്കാനായി ഒരു സംവിധാനം വേണം. പി.ഡബ്ല്യൂ.ഡി.-യുടേതുപോലും സമയബന്ധിതമായി ചെയ്യാൻ അവർക്ക് കഴിയാറില്ല. റോഡിലുള്ള ഓടകൾ ശുദ്ധീകരിക്കുന്നതിലൂടെ രോഗാവസ്ഥയിൽ മാറ്റം വരുത്താൻ കഴിയും. അതുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഇത് ചെയ്യാൻ സാധിക്കുമോ; കൂടാതെ നെൽകൃഷിയടക്കമുള്ള പ്രയോജനകരമായ കൃഷി ചെയ്യുന്നതിനും അവ കൃഷിയുക്തമാക്കി മാറ്റുന്നതിനുമൊക്കെയുള്ള പ്രവർത്തനങ്ങളിൽ കാർഷിക മേഖലയെ കൂടുതൽ ബന്ധപ്പെടുത്താൻവേണ്ടി കേന്ദ്രനിയമത്തിന്റെ തടസ്സങ്ങളുണ്ടെങ്കിൽപോലും സംസ്ഥാനത്തിന് എന്ത് ചെയ്യാൻ സാധിക്കും; ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, കൺവർജൻസ് അനുവദിച്ചതുകൊണ്ട് ചെറിയ ഓടകൾ, കാർഷിക മേഖലയ്ക്കുള്ള ചില ഓവുചാലുകൾ, റോഡുകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി കുറച്ചുകൂടി ഭാവനാപൂർണ്ണമായി നടത്താനുള്ള നടപടികൾ സ്വീകരിക്കാൻ

തയ്യാറായിട്ടുണ്ട്. അതുകൊണ്ടുതന്നെ അസറ്റ് ക്രിയേഷനും സാധിക്കും. ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള പദ്ധതികൾ ഏറ്റെടുക്കാൻ ഇപ്പോൾ തടസ്സങ്ങളില്ല. ആവർത്തന സ്വഭാവമുള്ള കൃഷിപ്രവൃത്തികൾക്കാണ് തടസ്സമുള്ളത്. അതായത് നടീൽ, കൊയ്ത്ത് എന്നിവ പാടില്ല. പക്ഷേ റെക്കറിംഗ് അല്ലാത്തവ ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. അത് ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

<u>ശ്രീ. കെ. രാജു</u>: സർ, ഇന്ന് കേരളത്തിൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ടുനിൽക്കുന്ന തൊഴിലാളികൾ പല സംഘടനകളിലായി സംഘടിതരാണ്. തൊഴിലാളികൾ ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യം ഒരു ദിവസത്തെ കൂലി ഏറ്റവും കുറഞ്ഞത് 320 രൂപയെങ്കിലും ആക്കണമെന്നും അതുപോലെ ഓണം പോലുള്ള അവസരങ്ങളിൽ അവർക്ക് ഉത്സവബത്ത എന്നുള്ള രീതിയിൽ എന്തെങ്കിലും സംഭാവന കൊടുക്കണമെന്നും അവരുടെ തൊഴിൽ സമയം രാവിലെ 9 മണി മുതൽ വൈകിട്ട് നാലുമണിവരെ എന്ന് നിജപ്പെടുത്തണമെന്നുമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അനുകൂലമായ നടപടികൾ സ്വീകരിക്കുകയും ഈ ഓണത്തിനുതന്നെ അവർക്കൊരു സംഭാവന കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യുമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ കേരളത്തിലെ സ്ത്രീ തൊഴിലാളികൾക്ക് ആദ്യമായി 1000 രൂപ ഓണം ബോണസ്

കൊടുത്തു. രണ്ടാമതായി ഓണക്കോടി കൊടുത്തു. ഇനി കൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിൽ നിന്നായതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ലഭ്യത കണക്കിലെടുത്തുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങ് പറഞ്ഞതുപൊലെ ജോലി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയെന്നുള്ളത് കേരളാ ഗവൺമെന്റിന്റെ സമീപനമാണ്. കേരളത്തിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് മക്കളെ സ്കൂളിൽ അയച്ചതിനുശേഷം ജോലിക്കുപോകാൻ സാധിക്കണം. അതുപോലെ മക്കൾ വരുമ്പോൾ അമ്മമാർ വീട്ടിലുണ്ടാകുകയും ചെയ്യണം. ആ ക്രമീകരണം ഉണ്ടാകണം. അത് ശക്തമായ നിലപാടാണ്. ഇതുസംബന്ധിച്ച് വീണ്ടും ആവശ്യപ്പെടുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ പ്രവൃത്തിമൂലം അസറ്റ് ക്രിയേഷനൊന്നും നാട്ടിൽ നടക്കുന്നില്ല. ഇപ്പോൾ പല സ്ഥലത്തും പുല്ല് നീക്കം ചെയ്യൽ മാത്രമാണ് കണ്ടുവരുന്നത്. എന്റെ ചോദ്യം, യഥാർത്ഥത്തിൽ ഇതിന്റെ ഗുണം കിട്ടേണ്ടത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്കാണ്. മിനിമം നൂറു ദിവസം തൊഴിൽ കിട്ടിയാൽ, അവർക്ക് എങ്ങനെയെങ്കിലും ഒരുവർഷം കഴിഞ്ഞു കൂടാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാലും ഓരോ വർഷം കഴിയുന്തോറും അവർക്ക് നൂറു ദിവസം പണി കിട്ടുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട്

എല്ലാ ആദിവാസികൾക്കും മിനിമം നൂറു ദിവസം തൊഴിൽ ലഭ്യമാകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഉറപ്പുവരുത്താൻ സാധിക്കുമോ? അനുബന്ധമായിചോദിക്കാനുള്ളത്, കേന്ദ്രത്തിന്റെ ഫണ്ട് കുറയുകയാണ്. TSP ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കാം. കഴിഞ്ഞ വർഷം തന്നെ TSP ഫണ്ട് 120 കോടി രൂപ ലാപ്സാണ്. ലാപ്സാകുന്ന TSP ഫണ്ട് ഇതിന്റെ കൂടെ ക്ലബ് ചെയ്ത് ആദിവാസികൾക്ക് നൂറു ദിവസത്തെ തൊഴിൽ ഉറപ്പുവരുത്താൻ കഴിയുമോ; അങ്ങനെ എന്തെങ്കിലും നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിൽ ഉണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ തീർച്ചയായും എസ്.സി/എസ്.ടി മേഖലയ്ക്ക് ജോലി ദിവസങ്ങൾ (നൂറ് ദിവസം) വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാം. പക്ഷെ അവരെ ജോലിക്ക് ലഭിക്കുന്നില്ലായെന്നതാണ് ബുദ്ധിമുട്ടുള്ള കാര്യം. എങ്കിലും എസ്.ടി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുക്കൊണ്ട് ജോലി ദിവസങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കാം. 2011-12-ൽ 1,02,242 ആൾക്കാർക്കാണ് നൂറു ദിവസം ജോലി കൊടുത്തത്. ആ സ്ഥാനത്ത് ഇപ്പോൾ 4 ലക്ഷം ആൾക്കാർക്കാണ് ജോലി കൊടുത്തത്. ജോലിയുടെ അളവ് വർദ്ധിക്കുന്നുണ്ട്. പക്ഷെ അങ്ങ് പറഞ്ഞതുപോല അസറ്റ് ക്രിയേഷൻ എന്നൊരു അദ്ധ്യായം നേരത്തെ ഉണ്ടായിരുന്നില്ല. ഞാൻതന്നെ

പോയി കണ്ടതാണ്, പലയിടത്തും കോൺക്രീറ്റ് പാലങ്ങൾ 40 ശതമാനം അസറ്റ് ക്രിയേഷന് എടുക്കും, ബാക്കി തൊഴിലുറപ്പിനും എടുക്കും. IAY വീടുകൾ, അതുപോലെ കൃഷിയിടത്തേയ്ക്കുള്ള ചെറിയ കനാലുകൾ എന്നിവയൊക്കെ നിർമ്മിക്കാൻ സാധിക്കും. അത്തരത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ നമുക്ക് ജോലി സാധ്യത കുറയും. കാരണം കളവെട്ടും പുല്ല് വെട്ടും ഇനി ചെയ്യിക്കാൻ സാധിക്കുകയില്ല.

ശ്രീമതി ജമീലാ പ്രകാശം: സർ, തൊഴിലുറപ്പ് പദ്ധതിയുടെ ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥനെ ജനുവരി 1-ാം തീയതി മറ്റൊരു ചുമതല ഏൽപ്പിക്കുകയുണ്ടായി. തൽസ്ഥാനത്തേയ്ക്ക് അത്രയും സീനിയോറിറ്റിയുള്ള മറ്റൊരു ഉദ്യോഗസ്ഥനെ കൊണ്ടുവരുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോയെന്ന് അറിയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, തൊഴിലുറപ്പിന്റെ ചുമതലയുണ്ടായിരുന്നത് ഒരു IAS ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ കൊല്ലം ജില്ലാ കളക്ടറായി നിയമിച്ചു. തൊഴിലുറപ്പു പദ്ധതിയുടെ ഇപ്പോഴത്തെ ചുമതല വഹിക്കുന്നത് അതിനെക്കാൾ പരിണിതപ്രജ്ഞനായ ഗ്രാമവികസന കമ്മീഷണർ ശ്രീ. മോഹൻകുമാർ ആണ്. അദ്ദേഹത്തിന് ഇപ്പോൾ ഇൻ-ചാർജ്ജാണ്

നൽകിയിരിക്കുന്നത്. പുതിയ ഒരാളെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എം. ആരിഫ്: സർ, എം.എൻ.ആർ.ഇ.ജി. പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഘട്ടംഘട്ടമായി വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. ഇതിനുള്ള കാരണം ഈ പദ്ധതിയുടെ പേര് മഹാത്മാഗാന്ധി എന്ന നാമധേയത്തിൽ ആരംഭിക്കുന്നതിന്റെ അലർജി കൊണ്ടായിരിക്കാം. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടത്തിൽ ഈ മേഖലയിലേയ്ക്ക് ഫിഷറീസ് അലൈഡ് സെക്ടറിനെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ളൊരു ഉത്തരവ് ഉണ്ടായിരുന്നു. അതുപ്രകാകരം മത്സ്യസംസ്കരണ മേഖലയിലെ പീലിംഗ് തൊഴിലാളികൾക്ക് ഈ പദ്ധതിയുമായി ക്ലബ് ചെയ്യാൻ കഴിയുമെന്നാണ് അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് അങ്ങയുടെ സാന്നിദ്ധ്യത്തിൽ എന്റെ മണ്ഡലത്തിൽ വന്ന പരിപാടിയിൽ വച്ച് പറഞ്ഞത്. അത് യാഥാർത്ഥ്യമാക്കാൻ കഴിയില്ലായെന്നും അതിന് പിന്നെയും ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ടെന്നും അങ്ങ് തന്നെയാണ് പറയുന്നത്. ഖാദി, കയർ, ക്ഷീരമേഖലയോടൊപ്പം അന്ന് പറഞ്ഞിരുന്ന ഒരു മേഖലയാണ് മത്സ്യസംസ്കരണ മേഖല. ഇപ്പോൾത്തന്നെ അവിടെ തൊഴിലെടുക്കാൻ ആളിനെ കിട്ടുന്നില്ല, മറ്റുപല മേഖലകളിലേയ്ക്കും അവർക്ക് പോകേണ്ടിവരുന്നതു കൊണ്ട് ഇവരെ ഉൾപ്പെടുത്താമെന്ന് അന്ന് പറഞ്ഞരിരുന്നതാണ്. അക്കാര്യവുമായി

ബന്ധപ്പെട്ട് ആവശ്യമായ പ്രൊപ്പോസൽ കൊടുക്കുന്ന കൂട്ടത്തിൽ ഈ മേഖലയെ കൂടി ഉൾപ്പെടുത്തി കൊടുക്കാമോ; ഇതുപോലെ തന്നെ തൊഴിൽ നൂറു ദിവസം ഉറപ്പുവരുത്തുന്നില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് ആക്ടിൽ പറയുന്നുണ്ട്. അങ്ങനെ ആർക്കെങ്കിലും ഇതുവരെ കൊടുക്കേണ്ടി വന്നിട്ടുണ്ടോ; കൊടുക്കേണ്ടി വന്നാൽ കൊടുക്കുമോ എന്നുള്ള വിവരം കൂടി വ്യക്തമാക്കണം.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പറയാൻ വിട്ടുപോയതാണ്. കയർ, ഖാദി, ഫിഷറീസ്, കന്നുകാലി വളർത്തൽ തുടങ്ങിയ നാലു മേഖലകളും നമ്മുടെ ശിപാർശയിൽ ഉൾപ്പെട്ടതാണ്. ഇപ്പോൾ തന്നെ മത്സ്യത്തൊഴിലാളി മേഖലയിലെ പീലിംഗ് ഷെഡുകൾ ഉണ്ടാക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. പീലിംഗ് ഷെഡുകളുടെ നിർമ്മണത്തിനു തൊഴിലുറപ്പു തൊഴിലാളികളെ ഉപയോഗിക്കാം. അങ്ങ് പറഞ്ഞതുപോലെ തൊഴിൽ കൊടുക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ട് തൊഴിലില്ലായ്മ വേതനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം നേരിട്ടാണ് നൽകുന്നത്. ഈ പ്രവർത്തനങ്ങളുടെ മുഴുവൻ ചുക്കാൻ പിടിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വേതനം ലഭ്യമാകുന്നുണ്ടോയെന്നും ഇനി ബാക്കി

നൽകാനുണ്ടോയെന്നുമുള്ള ഒരു വിവരവും ലഭിക്കുന്നില്ല. ജില്ലാതല മോണിറ്ററിംഗ് നടക്കുമ്പോഴൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാതിയായി പറയുന്നത് വേതനവുമായി ബന്ധപ്പെട്ട ഒരു വിവരവും ഞങ്ങൾക്ക് ലഭ്യമാകുന്നില്ലായെന്നാണ്. അവർക്ക് നേരിട്ട് ബാങ്ക് വഴിയാണ് വേതനം നൽകുന്നതെങ്കിലും, ആ വേതനം നൽകുന്നതുമായി ബന്ധപ്പെട്ട വിവരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തുമോ; ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ റോഡുകളിൽ വെള്ളം കെട്ടിയും മാലിന്യം അടിഞ്ഞുമാണ് പൊതുമരാമത്ത് വകുപ്പിന് ഭീമമായ നഷ്ടം ഉണ്ടാകുന്നത്. അതുകൊണ്ട് റോഡുകളിലെ അഴുക്കുച്ചാലുകൾ വൃത്തിയാക്കുന്നതിനും അതിന്റെ ചുറ്റുമുള്ള പൊന്തകൾ വെട്ടിമാറ്റുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ വിനിയോഗിക്കാൻ സർക്കാർ നടപടി എടുക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ കേരളത്തിൽ ഇടമലക്കുടി ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലും EFMS മുഖേന ഫണ്ട് കൊടുക്കുന്നുണ്ട്. ഇതിനുവേണ്ടി നേരത്തെ മൂന്ന് ബാങ്കുകളെയാണ് ഏൽപ്പിച്ചിരുന്നത്. ചില ബാങ്കുകൾ വീഴ്ച വരുത്തിയതു കൊണ്ട് ഇതിന്റെ മുഴുവൻ ട്രാൻസാക്ഷൻസും ഇപ്പോൾ SBT-യെ മാത്രമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പണം ലഭിച്ചാൽ

ഉടൻ തന്നെ സാങ്കേതികമായ തടസ്സങ്ങളില്ലെങ്കിൽ, അവർക്കുള്ള കൂലി നേരിട്ട് ബാങ്ക് കൊടുക്കുന്നുണ്ട്. അങ്ങ് ചൂണ്ടി കാണിച്ചതുപോലെ വേതനം നൽകുന്നതുമായി ബന്ധപ്പെട്ട വിവരം ലോക്കൽ ബോഡീസിനെ കൂടി അറിയിക്കാനുള്ള നടപടി സ്വീകരിക്കാം. അതുപോലെ അസറ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട പുതിയ ജോലി ഏറ്റെടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകുന്നതായിരിക്കും.

## കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

(*423) ശ്രീ. സി.പി.മുഹമ്മദ്:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. എം.പി.വിൻസെന്റ്:
ശ്രീ. ബെന്നി ബെഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതി സുതാര്യമാക്കുന്നതിനും വേഗത്തിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്.

(ഡി) പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നട<u>ത്തു</u>ന്നത് കണ്ടുപിടിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി)</u>: സർ,

(എ) ഉണ്ട്.

(ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യവും സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഓൺലൈൻ സംവിധാനം വഴി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യവും സമയബന്ധിതവുമായി പെർമിറ്റ് നൽകുന്നതിന് സാധിക്കുന്നുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമത്തിൽ പരിശോധിച്ച് ഓൺലൈനായി തന്നെ അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. കെട്ടിട നിർമ്മാണത്തിന് ശേഷം ഓൺലൈൻ സംവിധാനം വഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകർക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കാലവിളംബം

കൂടാതെ ഓൺലൈനായി തന്നെ ലഭ്യമാകുന്നതാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, ഒടുക്കേണ്ട പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകർക്ക് അപ്പപ്പോൾ തന്നെ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

(ഡി) നിർമ്മാണം പൂർത്തിയായതിനു ശേഷം കെട്ടിട നമ്പരിനു വേണ്ടി അപേക്ഷിക്കുമ്പോൾ പെർമിറ്റ് ഏരിയയിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്താവുന്നതാണ്. കൂടാതെ, ചട്ടലംഘനത്തോടെ നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്നതിനായി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നിലവിലുള്ള വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, സംസ്ഥാനത്ത് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുവേണ്ട അനുമതി ലഭിക്കുന്നതിന് സാധാരണ ജനങ്ങൾ മാസങ്ങളോളം സർക്കാർ ഓഫീസുകൾ കയറി ഇറങ്ങുകയാണ്. ഈ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും കൈക്കൂലിയും ഒഴിവാക്കാനാണ് സർക്കാർ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയത്. ഇതുവഴി കെട്ടിടനിർമ്മാണാനുമതി എത്രമാത്രം സുതാര്യമാകുമെന്നും അഴിമതി കുറച്ചുകൊണ്ട് എത്രത്തോളം

എളുപ്പത്തിൽ അനുമതി ലഭിക്കുമെന്നും ഒരു നിശ്ചിതസമയത്തിനുള്ളിൽ അനുമതി നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കുവാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യയിൽ തന്നെ ആദ്യമായി ഓൺലൈൻ സർവ്വീസ് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. 3.12.2014 മുതലാണ് ഇത് ആരംഭിച്ചത്. ഇതുവരെ 47, 844 അപേക്ഷകൾ ലഭിച്ചതിൽ 30,467 എണ്ണം അപ്രൂവ് ചെയ്തു, 5903 എണ്ണം റിജക്ട് ചെയ്തു. 10,892 അപേക്ഷകൾ അണ്ടർ പ്രോസസിംഗിലാണ്. വളരെ പെട്ടെന്നുതന്നെ (ഒരു മാസം കൊണ്ട്) നമുക്ക് പെർമിറ്റ് കൊടുക്കാൻ സാധിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഇത് വളരെ സുതാര്യമാണ്. First in first out എന്ന നിലയിലാണ് ഇത് നടപ്പാക്കുന്നത്. ആദ്യം അപ്ലൈ ചെയ്യുന്നവർക്ക് ആദ്യം ലൈസൻസ് കിട്ടുന്ന രീതിയിലേയ്ക്ക് ഇത് മാറിയിട്ടുണ്ട്. പഴയ സിസ്റ്റം അനുസരിച്ച് വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭാ ഓഫീസുകൾ പലപ്രാവശ്യം കയറി ഇറങ്ങുന്ന പദ്ധതി ഇപ്പോൾ ഇല്ല. സൈറ്റ് വിസിറ്റ് ചെയ്യുന്ന സമയത്ത് ഒരു പ്രാവശ്യം മാത്രം പോയാൽ മതി. അല്ലാതെ പോകേണ്ട ആവശ്യമില്ല. വളരെ പെട്ടെന്ന് തന്നെ ലൈസൻസ് ലഭിക്കുമെന്നുള്ളതാണ് ഇതുകൊണ്ടുള്ള ഗുണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, മുൻകാലങ്ങളിൽ നിർമ്മാണാനുമതി

ലഭിക്കുകയും എന്നാൽ ചെറിയ ചില വയലേഷനുകളുടെ പേരിൽ നമ്പർ നൽകാതിരിക്കുകയും ചെയ്ത കെട്ടിടങ്ങളുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് പതിനായിരകണക്കിന് കോടി രൂപ ഇൻവെസ്റ്റ് ചെയ്ത വൻകിടക്കാരും സാധാരണക്കാരും ഉണ്ട്. Unauthorized building-കളെ regularize ചെയ്യുന്നതിന് സർക്കാർ പിഴ ചുമത്തുകയുണ്ടായി. പക്ഷേ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഭാരിച്ച സംഖ്യയാണ്. ഈ സംഖ്യ കുറവുചെയ്ത് റഗുലറൈസ് ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, Regularization of unauthorized buildings രണ്ടുപ്രാവശ്യമാണ് (ആദ്യമായി 1999-ലും അതിനുശേഷം 2010-ലും ) നമ്മുടെ സംസ്ഥാനത്ത് ഉണ്ടായത്. 14.02.2014-ലാണ് പുതിയതായി നിയമനിർമ്മാണം നടത്തിയത്. അതിന്റെ ഫീസ് വളരെ കൂടുതലാണെന്ന് പലപ്രാവശ്യവും ആളുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ മാർച്ച് 15-ന് ഫീസിന്റെ കാര്യത്തിൽ കുറച്ച് കുറവ് ചെയ്തിട്ടുണ്ട്. ഇതിനിടയിൽ കുറെയധികം അപേക്ഷകൾ ലഭിച്ചു, പക്ഷെ എണ്ണത്തിൽ വളരെ കുറവാണ്. ഇതുവരെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ നിന്നും ആകെ 47 അപേക്ഷകളാണ് റഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ചത്. കാരണം ഫീസ് കൂടുതലാണെന്നാണ് അവർ പറയുന്നത്. 14 എണ്ണത്തിന് പിഴ

ഈടാക്കി റഗുലറൈസ് ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 27 എണ്ണം നിബന്ധനകൾ പാലിക്കാത്തതുകൊണ്ട് നിരസിച്ചു, 6 അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരികയാണ്. ഇത് സർക്കാരിൽ വന്ന അപേക്ഷകളുടെ കണക്കാണ്. നഗരസഭകളിൽ പല സ്ഥലങ്ങളിലും കുറെ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് ജൂൺ മാസം 30-ാം തീയതി അവസാനിക്കുമായിരുന്നത് ആറുമാസം കൂടി (ഡിസംബർ 31 വരെ) extend ചെയ്തിട്ടുണ്ട്. ഇതിനിടയിൽ unauthorized ആയ ധാരാളം കൺസ്ട്രക്ഷൻസ് നമ്മുടെ നാട്ടിൽ ഉണ്ടെന്നുള്ളത് വാസ്തവമാണ്. അത് റഗുലറൈസ് ചെയ്യാൻ വീണ്ടും ആവശ്യപ്പെടുന്നുണ്ട്.

ശ്രീ. എം. എ. വാഹീദ്: സർ, ഓൺലൈൻ സംവിധാനം നല്ലതാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ഇത് അപ്രാപ്യമാണ്. പരിമിതമായ വിദ്യാഭ്യാസവും വിജ്ഞാനവും ഉള്ളവർക്ക് ഓൺലൈൻ ബുദ്ധിമുട്ടാണ്. എന്റെ നാട്ടിലെ സാധാരണക്കാരന് ഒരു ശൗചാലയം നിർമ്മിക്കണമെങ്കിൽ തെക്കും വടക്കും ഓൺലൈനിനുവേണ്ടി നടക്കേണ്ടി വരും. അതുകൊണ്ട് സാധാരണക്കാരന് പ്രാപ്യമാക്കത്തക്കരീതിയിൽ എന്തെങ്കിലും സംവിധാനം വകുപ്പ് ഏർപ്പെടുത്തുന്നുണ്ടോ; അക്ഷയ കേന്ദ്രങ്ങളെ ഇതിന് പ്രാപ്തമാക്കാൻ കഴിയുമോ; അക്ഷയ കേന്ദ്രങ്ങൾ വഴി

ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ നഗരകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അക്ഷയ കേന്ദ്രങ്ങൾ വഴിമാത്രമല്ല, ആർക്കും ടെലഫോൺ വഴിയും ഓൺലൈനിലേയ്ക്ക് വരാം. ഐ.കെ.എം. രൂപപ്പെടുത്തിയിട്ടുള്ള വളരെ സിംപിളായിട്ടുള്ള സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചിരിക്കുന്നത്. ധാരാളം ആളുകൾ വലിയ പ്രയാസങ്ങളൊന്നുമില്ലാതെ ഇത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായിരുന്നു എന്നുള്ളത് വാസ്തവമാണ്. പക്ഷെ അതിൽ മാറ്റം വരുത്തി, ഇപ്പോൾ സെർവ്വർ വിപുലീകരിച്ചു. പുതിയ സെർവ്വർ വന്നതോടുകൂടി വളരെ പെട്ടെന്ന് തന്നെ സാധാരണക്കാരായ ആളുകൾക്കെല്ലാം തന്നെ (അതിനായി ചെറിയ രീതിയിലുള്ള വിദ്യാഭ്യാസം വേണം, അതില്ലാതെ കഴിയില്ല) ഓൺലൈനിലൂടെ അപ്ലൈ ചെയ്യാൻ സാധിക്കും. അക്ഷയ വഴിയും ലൈസൻസ്ഡ് എഞ്ചിനീയർമാർ മുഖേനയും ഇതിലേയ്ക്ക് അപ്ലൈ ചെയ്യാൻ സാധിക്കും.

ശ്രീ. എം. പി. വിൻസെന്റ്: സർ, കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഓൺലൈൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത് നല്ല രീതിയിലുള്ള തീരുമാനമാണ്. നിലവിലുള്ള ചെറിയ പ്ലോട്ടുകൾ ഉള്ള സാധാരണക്കാരുടെ ഭവന നിർമ്മാണത്തിന് പല

ആനുകൂല്യങ്ങളും പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ പൊതുവഴികളിൽ നിന്ന് മൂന്ന് മീറ്റർ വിടണമെന്ന പ്രധാനനിർദ്ദേശം നല്ലതാണ്. എന്നാൽ പ്രാധാന്യമില്ലാത്ത ചെറിയവഴികളിൽപോലും ചെറിയ പ്ലോട്ടുകാരെ സംബന്ധിച്ചിടത്തോളം മൂന്ന് മീറ്റർ വിടുകയെന്നുള്ളത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതിൽ എന്തെങ്കിലും ഇളവ് കൊടുക്കാൻ സാധിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കെ.എം.ബി.ആർ. പ്രകാരം ചെറിയ റോഡുകൾക്ക് മൂന്നുമീറ്റർ വിടേണ്ട ആവശ്യമില്ല. പക്ഷെ ഇപ്പോൾ അതിൽ ഇളവ് നൽകുന്നതിനുള്ള ഒരു ശ്രമവും നടത്തുന്നില്ല. ചുരുങ്ങിയത് മൂന്നുമീറ്ററെങ്കിലും വേണം. വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എല്ലാവർക്കും വാഹനങ്ങൾ ഉണ്ട്. റോഡിന്റെ വീതി മൂന്നുമീറ്ററിൽ കുറയ്ക്കുകയെന്നത് ഒരിക്കലും പ്രായോഗികമല്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നത് നല്ലതുതന്നെയാണ്. നമ്മുടെ സാമ്പത്തിക മേഖലയിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന ഒന്നാണ് നിർമ്മാണ മേഖല. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന നിയമങ്ങൾ പല തടസ്സങ്ങളും സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഗവൺമെന്റ് ഉണ്ടാക്കിയ ചില ഭേദഗതികൾ നിർമ്മാണ

മേഖലയെ ബാധിച്ചു. വൻതുക മുടക്കിയാണ് ഈ രംഗത്തേയ്ക്ക് പലരും വരുന്നത്. ഇന്ന് കേരളത്തിൽ കാണുന്ന പ്രത്യേകത, നമ്മുടെ നിർമ്മാണ മേഖലയിൽ മാന്ദ്യം സംഭവിച്ചിട്ടുണ്ടെന്നാണ്. അതിന് പല കാരണങ്ങളുണ്ട്. അതിനുള്ള മെറ്റീരിയൽസ് ലഭിക്കുന്നില്ല. അതോടൊപ്പം തന്നെ ഇപ്പോൾ എല്ലാ നിർമ്മാണ മേഖലയ്ക്കും സെല്ലാൽ വേണം. മണ്ണെടുത്ത് മാറ്റിയാൽ മാത്രമേ അത്തരം സൗകര്യം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. പക്ഷെ അതിന് സാങ്കേതിക തടസ്സം വരുന്നുണ്ട്. അതുകൊണ്ട് നിർമ്മാണ മേഖലയിൽനിന്നും പല ആളുകളും കേരളത്തിൽ മുതൽമുടക്കാതെ തിരിച്ചു പോകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സാങ്കേതിക കാരണങ്ങൾ ഒഴിവാക്കി ആ രംഗം കൂടുതൽ സജീവമാക്കുന്നതിനുവേണ്ട എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതുപോലെ തന്നെ നമ്മുടെ മാസ്റ്റർ പ്ലാൻ ഈ രംഗത്ത് വളരെയധികം സ്വാധീനം ചെലുത്തുന്ന ഒന്നാണ്. മാസ്റ്റർ പ്ലാൻ കാലാകാലങ്ങളായി ഒരു അന്ത്യവുമില്ലാതെ നീണ്ടുപോകുകയാണ്. അതുകൊണ്ട് മാസ്റ്റർ പ്ലാൻ കുറെക്കൂടി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കൺസ്ട്രക്ഷൻ ഇൻഡസ്ട്രിക്ക് മാന്ദ്യം സംഭവിച്ചുവെന്നത് നേരാണ്. അദ്ദേഹം പറഞ്ഞതുപോലെ, 2010-ൽ

പഴയകാലത്തുണ്ടായിരുന്ന നിയമങ്ങളിൽ ചിലമാറ്റങ്ങൾ ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ വലിയ വലിയ കോൺട്രാക്ടർമാരും കൺസ്ട്രക്ഷൻ കമ്പനികളും കേരളത്തിൽ നിന്നും ഒഴിഞ്ഞുപോകുന്ന എന്നുള്ള കാര്യം വാസ്തവമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആ നിയമങ്ങൾ ഒഴിവാക്കിക്കൊണ്ട് സേഫ്റ്റി സെക്യൂരിറ്റിക്ക് ഒരു തരത്തിലുള്ള ദോഷവും ഇല്ലാത്ത രീതിയിൽ അവരെ വീണ്ടും attract ചെയ്യിപ്പിക്കാനുള്ള ചില മാറ്റങ്ങൾ കെ.എം.ബി.ആർ.-ൽ വരുത്തി. അതിന്റെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ ഇൻഡസ്ട്രി കുറെശ്ശെയായി ഉയർന്നുവരുന്നുണ്ട്. നമ്മുടെ നഗരങ്ങൾക്കൊന്നും കൃത്യമായി മാസ്റ്റർ പ്ലാൻ ഇല്ല. 1970-ലും 1971-ലും ഉണ്ടാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനുകളും ഡി.ടി.പി. സ്കീമുകളുമാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ 60 നഗരസഭകളും 5 കോർപ്പറേഷനുകളും ഉള്ളതിൽ ആകെയുള്ള പത്തോ പന്ത്രണ്ടോ നഗരസഭകൾക്കുമാത്രമേ പുതിതയായി മാസ്റ്റർ പ്ലാൻ ഉള്ളൂ. അത് മാറ്റിക്കൊണ്ട് എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ ഉണ്ടാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തു. 32-ഓളം നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറായി. പക്ഷേ അവ നഗരസഭകളിലേയ്ക്ക് അയച്ചിട്ടുണ്ടെങ്കിലും അത് അവിടെ നിന്നും മടങ്ങി വരുന്നില്ലായെന്നതാണ് വാസ്തവം. അവർ ഒരിക്കലും അത് അംഗീകരിക്കുന്നില്ല.

എല്ലാ ആളുകൾക്കും അത് മുഴുവനും കൊമേഴ്സ്യൽ ആകണം, അതല്ലെങ്കിൽ റസിഡൻഷ്യൽ ഏര്യ ആകണം, അഗ്രിക്കൾച്ചർ പാടില്ല എന്നുള്ള തർക്കം ഉണ്ടാകുന്നതുകൊണ്ട് മിക്കവാറും എല്ലാ മാസ്റ്റർ പ്ലാനുകളും ഇപ്പോഴും നഗരസഭകളിൽ പെൻഡിംഗിലാണ്. അത് വലിയൊരു പ്രശ്നമായി നേരിടുന്നുണ്ട്. അത് പരിഹരിക്കാൻ പലപ്പോഴും പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. അങ്ങയോടുതന്നെ എറണാകുളവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. അതല്ലാതെ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളത് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചതിനുശേഷം പെർമിറ്റിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ കെട്ടിടം നിർമ്മിക്കുകയും നമ്പർ ലഭിക്കുകയും ചെയ്തു കഴിഞ്ഞ് അതിൽ മാറ്റം വരുത്തുകയാണ്. ഇതിന്റെ ഫലമായി ബഹുനില കെട്ടിടങ്ങൾക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭിക്കുന്നില്ല. നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതുവരെ പാർക്കിംഗ് സൗകര്യം കാണുകയും നമ്പർ ലഭിച്ചുകഴിഞ്ഞാൽ പാർക്കിംഗ് സൗകര്യത്തിനുവേണ്ടി നിർദ്ദിഷ്ട സ്ഥലം വീണ്ടും കച്ചവടാവശ്യങ്ങൾക്കുവേണ്ടി മാറ്റുകയും ചെയ്യുകയാണ്. ഇതിന്റെ ഫലമായി മുഴുവൻ നഗരങ്ങളിലും പാർക്കിംഗ് ഗുരുതരമായ പ്രതിസന്ധിയായി

മാറുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിനെന്തെങ്കിലും പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ വാസ്തവമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കി. പ്രസ്തുത ഡിപ്പാർട്ടുമെന്റ് കേരളത്തിലെ എല്ലാ ഭാഗത്തും 1585 പരിശോധനകൾ നടത്തി. അതിൽ വളരെയധികം വയലേഷൻസ് കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും നമ്പർ ലഭിച്ചുകഴിഞ്ഞതിനുശേഷം പാർക്കിംഗ് സ്ഥലം വെയർഹൗസിന് അല്ലെങ്കിൽ ഷോപ്പായിട്ട് കൊടുക്കുന്നു. ഇതുപരിശോധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റ് 5 ലക്ഷം രൂപവരെ ഫൈൻ ചുമത്തുന്നുണ്ട്. 1585 പരിശോധനകൾ നടത്തിയതിൽ 137 എഞ്ചിനീയർമാരോടും ഓവർസീയർമാരോടും വിശദീകരണം ചോദിച്ചിട്ടുണ്ട്. 63 ആർക്കിടെക്ടിനോട് വിശദീകരണം ചോദിച്ചു, 62 നഗരസഭാ സെക്രട്ടറിമാർക്ക് നടപടിക്കായി ശുപാർശ ചെയ്തിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തികൊണ്ടിരിക്കുന്നു. അങ്ങ് പറഞ്ഞതുപോലെ മിക്കവാറും എല്ലാ പാർക്കിംഗ് ഏരിയകളും വെയർഹൗസായിട്ടും ഷോപ്പായിട്ടും കൺവെർട്ട് ചെയ്തിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്.

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം

ക്കുണപോലെ മുളച്ചുപൊന്തുന്ന ഫ്ലാറ്റുകളാണ്. അമിതമായി ഉണ്ടാക്കുന്ന ഫ്ലാറ്റുകളുടെ പരിണിതഫലമാണ് തിരുവനന്തപുരം സിറ്റിയിൽ അടിയ്ക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടൽ. കഴിഞ്ഞ ചെറിയ പെരുന്നാൾ ദിവസം പുലർച്ചെ 3.30-ന് പൈപ്പ് പൊട്ടുകയും വൈകുന്നേരം വരെ ഒരു തുള്ളിവെള്ളം പോലും ആർക്കും ലഭിക്കാത്ത സ്ഥിതിയാണുണ്ടായത്. അശാസ്ത്രീയമായി നിർമ്മിക്കുന്ന ഫ്ലാറ്റുകളെ നിയന്ത്രിക്കാൻ കർശന നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഫ്ലാറ്റ് നിർമ്മാണം അശാസ്ത്രീയമാണെന്ന് പറയാൻ കഴിയില്ല. കേരളം പോലുള്ള ചെറിയ സംസ്ഥാനത്ത് ഭൂമി അധികമില്ല. വെർട്ടിക്കൽ ഗ്രോത്തുകൾ തന്നെയാണ് ഇവിടെ അഭികാമ്യം. ഓരോ വീടുവയ്ക്കുന്നതിനേക്കാൾ ഫ്ലാറ്റുകൾ വരുന്നതാണ് സർക്കാരിന് സൗകര്യം. ഇലക്ട്രിസിറ്റി, വേസ്റ്റ് മാനേജ്മെന്റ്, ജലവിതരണം തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ഫ്ലാറ്റാകുമ്പോൾ കുറച്ച് കൂടി സൗകര്യം വരുന്നുണ്ട്. മാത്രവുമല്ല നമുക്ക് സ്ഥലമില്ല. കുന്നൊക്കെ ഇടിച്ച് നിരത്തി, വെള്ളക്കെട്ടുകളൊക്കെ ഇല്ലാതാക്കുന്ന സ്ഥിതി ഒഴിവാക്കാനാണ് വെർട്ടിക്കൽ ഗ്രോത്തിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. സർക്കാർ വളരെ സ്ട്രിക്റ്റായി, സേഫ്റ്റി സെക്യൂരിറ്റിക്ക് യാതൊരുവിധ തകരാറുമില്ലാതെ മാത്രമേ ഫ്ലാറ്റുകൾക്ക് ലൈസൻസ് കൊടുക്കുന്നുള്ളൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, അങ്ങ് കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് ഏർപ്പെടുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു മാസംകൊണ്ട് പെർമിറ്റ് കിട്ടും. കേരളത്തിലെമ്പാടുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കണമെങ്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കൊടുക്കുന്നതിനായി നൂറിൽ തൊണ്ണൂറ് ഉദ്യോഗസ്ഥന്മാരും, ഏത് യൂണിയനിൽപ്പെട്ടവരായിരുന്നാലും, ആയിരം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ കൈക്കൂലി വാങ്ങുന്ന കാര്യം അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്നതാണ്. ഞാൻ തിരുവനന്തപുരം കോർപ്പറേഷനിൽ മേയറായിരുന്നപ്പോൾ വൺഡേ പെർമിറ്റ് സംവിധാനം നടപ്പിലാക്കി. വൺഡേ പെർമിറ്റ് എന്നുപറഞ്ഞാൽ കോർപ്പറേഷനിൽ അഞ്ച് രേഖകൾ ഹാജരാക്കണം. സ്ഥലത്തിന്റെ ഓണർഷിപ്പ്, പ്ലാൻ, ടാക്സ് രസീത്, ഈ പറയുന്ന കാര്യങ്ങളെല്ലാം സത്യമാണെന്നുള്ള ഒരു നോട്ടറിയുടെ സർട്ടിഫിക്കറ്റ് ഇത്രയും രേഖകൾ കൊടുത്താൽ ഒന്ന്, രണ്ട്, മൂന്ന്, നാല് കൗണ്ടറുകൾ അത് വെരിഫൈ ചെയ്തശേഷം അപ്പോൾത്തന്നെ അവർക്ക് താൽക്കാലികമായ പെർമിറ്റ് കൊടുക്കുകയും കെട്ടിടം നിർമ്മിച്ചുകഴിഞ്ഞശേഷം വീണ്ടും അവിടെ പോയി പരിശോധിക്കുകയും ചെയ്യുന്ന സംവിധാനമാണ്. താൽക്കാലികമായ പെർമിറ്റിലെ അഫിഡവിറ്റിൽ പറയുന്നത് പെർമിറ്റ് നൽകിയതിൽനിന്നും വിരുദ്ധമായി കെട്ടിടം

നിർമ്മിച്ചാൽ അത് പൊളിച്ചുമാറ്റുന്നതിനുള്ള അനുവാദം തരികയാണ് എന്നാണ്. ഈ വിധത്തിൽ വൺഡേ പെർമിറ്റ് നടപ്പിലാക്കിയാൽ അഴിമതിയും കാലതാമസവും ഒഴിവാക്കാൻ സാധിക്കും. അങ്ങ് വിജിലൻസ് പരിശോധന നടത്തി കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ യൂണിയൻ നോക്കാതെ സസ്പെന്റ് ചെയ്യണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പഴയ മേയറാണ്. അദ്ദേഹം പലപ്പോഴും നഗരസഭയ്ക്ക് എതിരെ ഇതുപോലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ആരാണ് കൈക്കൂലി വാങ്ങിയതെന്ന് അങ്ങ് എഴുതിത്തരുകയാണെങ്കിൽ ആ നിമിഷം അവരെ സസ്പെന്റ് ചെയ്യും. മേയർക്ക് തന്നെ അതിനുള്ള അധികാരമുണ്ട്. മുനിസിപ്പൽ നിയമപ്രകാരം അഴിമതി നടത്തുന്ന ഏതൊരാളയും സസ്പെന്റ് ചെയ്യാനുള്ള അധികാരം മേയർക്കുണ്ട്. വൺഡേ പെർമിറ്റിന്റെ കാര്യം പറയുകയാണെങ്കിൽ 2319 വൺഡേ പെർമിറ്റുകളാണ് കഴിഞ്ഞ കുറച്ചുദിവസം കൊണ്ട് ഇഷ്യൂ ചെയ്തിട്ടുള്ളത്. അതിൽ തിരുവനന്തപുരത്ത് 320, മറ്റുള്ള എല്ലാ ജില്ലകളിലും വൺഡേ പെർമിറ്റ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പ്രവർത്തനം ശരിയല്ല, അഴിമതിയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ അറിയിക്കുകയാണെങ്കിൽ അത് പരിശോധന നടത്തി അപ്പോൾത്തന്നെ അതിന്മേൽ നടപടിയെടുക്കുന്നതാണ്. പക്ഷേ ഉദ്യോഗസ്ഥരുടെ

പേര് പറയണം. വെറുതെ അഴിമതിയെന്ന് പറഞ്ഞിട്ട് കാര്യമില്ല. അത് ആരാണ് നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ ആ നിമിഷം തന്നെ അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വീടുകൾക്കും കെട്ടിടങ്ങൾക്കും നിർമ്മാണ അനുമതി ലഭിക്കാൻ മാസങ്ങളോളം ഓഫീസുകളിൽ കയറിയിറങ്ങേണ്ട സ്ഥിതിയാണുണ്ടായിരുന്നത്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി കാര്യങ്ങൾ എളുപ്പത്തിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ട പരിജ്ഞാനം വളരെ കുറവാണ്. അവർക്കുകൂടി എളുപ്പത്തിൽ അപേക്ഷകൾ സമർപ്പിക്കാൻ ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കണം. അതോടൊപ്പം മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, വൻകിടക്കാർക്ക് എളുപ്പത്തിൽ അനുമതി ലഭിക്കും. എന്നാൽ അഞ്ച് സെന്റിലും പത്ത് സെന്റിലും വീടുവയ്ക്കുന്ന പാവങ്ങൾക്ക് നമ്പർ ലഭിക്കാൻ വളരെ പ്രയാസമാണ്. അത്തരം ആളുകൾക്ക് പിഴകൂടാതെ അവരുടെ പ്രശ്നങ്ങൾ ക്രമവൽക്കരിക്കാനവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? സാധാരണക്കാർക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പിഴയില്ലാതെ ക്രമവൽക്കരിച്ച് കൊടുക്കുന്നത് ശരിയല്ല. വലുതായാലും ചെറുതായാലും പിഴ ഈടാക്കിക്കൊണ്ട് മാത്രമേ റഗുലറൈസ് ചെയ്തുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നത് വളരെ എളുപ്പമാണ്. ആർക്ക് വേണമെങ്കിലും ഇതിൽ എൻട്രി നടത്താം. ഇതിൽ ചെറിയ കാര്യങ്ങൾ മാത്രമാണ് ചോദിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ഈ സംവിധാനം പ്രാവർത്തികമാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെല്ലാം ഇതിനെക്കുറിച്ച്  പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ലളിതവും വളരെ എളുപ്പവുമാണ്. ഐ.കെ.എം. ആണ് ഇതിന്റെ സോഫ്റ്റ്‌വെയർ ഉണ്ടാക്കിയിട്ടുള്ളത്. പാവപ്പെട്ടവരാണെങ്കിലും നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ ഫൈൻ നൽകേണ്ടതാണെന്നാണ് സർക്കാരിന്റെ തീരുമാനം.

ശ്രീമതി ഗീതാ ഗോപി: സർ, വികലാംഗനും പപ്പടം നിർമ്മാണത്തൊഴിലാളിയുമായ ചാഴൂർ ഗ്രാമപഞ്ചായത്തിലെ മണികണ്ഠൻ എന്ന ആളിന്റെ വിഷയമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പപ്പടനിർമ്മാണത്തൊഴിലാളി എന്ന നിലയിൽ, ഈ തൊഴിൽ ചെയ്യുന്നതിന് വീട്ടിനടുത്ത് ഒരു കെട്ടിടം പണിയുന്നതിനുള്ള പെർമിറ്റിനായി ചാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പ്ലാനടക്കം സബ്മിറ്റ് ചെയ്തു. തത്ത്വത്തിൽ

പഞ്ചായത്ത് പെർമിറ്റ് കൊടുക്കുകയും നിർമ്മാണപ്രവൃത്തി പകുതി പൂർത്തീകരിക്കുകയും ചെയ്തപ്പോഴാണ്, റസിഡൻഷ്യൽ സോണിൽ കൊമേഴ്സ്യൽ പർപ്പസിനായി ഈ കെട്ടിടം ഉപയോഗിക്കാൻ പാടില്ലെന്നും ആയതിനാൽ അടിയന്തരമായി കെട്ടിടം പണി നിർത്തിവയ്ക്കണമെന്നും പറഞ്ഞ് വികലാംഗനായ തൊഴിലാളിയെ വലിയ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നത്. ബാങ്കിൽ നിന്ന് വലിയ തുക ലോണെടുത്താണ് അദ്ദേഹം പണി ആരംഭിച്ചത്. നിർമ്മാണപ്രവൃത്തി പകുതി പൂർത്തിയായ സാഹചര്യത്തിൽ വികലാംഗനും പപ്പടനിർമ്മാണ തൊഴിലാളിയുമായ ഇദ്ദേഹത്തെ ഈ രീതിയിലെത്തിച്ച സെക്രട്ടറിയുടെ നടപടി ശരിയാണോ? അത് പരിശോധിച്ച് ഈ വ്യക്തിക്ക് വേണ്ട സഹായം നൽകുമോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പെർമിറ്റ് കൊടുക്കുന്നതിനുമുമ്പ് തന്നെ സെക്രട്ടറി പരിശോധിക്കേണ്ടതായിരുന്നുവെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇക്കാര്യം കൂടുതൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, തുടർച്ചയായി രണ്ടും മൂന്നും അവധി ദിവസങ്ങൾ വരുന്ന സമയത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ബന്ധപ്പെട്ടവരുടെ അറിവോടുകൂടിയോ അറിവില്ലാതെയോ പല കൺസ്ട്രക്ഷനും റോഡ് സൈഡിൽ പെട്ടെന്ന് ഉണ്ടാകുന്ന ഒരു പ്രവണത വ്യാപകമായിട്ടുണ്ട്.

എങ്ങനെ ഇത് ഫലപ്രദമായി തടയാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, നമ്മുടെ കണക്കനുസരിച്ച് മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഇരുപത്തയ്യായിരത്തോളം വരുന്ന അൺആതറൈസ്ഡ് കൺസ്ട്രക്ഷനുകളുണ്ട്, യു.എ. നമ്പർ കൊടുത്തിട്ടുണ്ട്. അതുപോലെ മുനിസിപ്പാലിറ്റിയുടെ മുഴുവൻ കണക്ക് എന്റെ കൈവശമില്ല. ഏകദേശം അത്രത്തോളം വരുമെന്നാണ് കണക്ക്. പത്തൊമ്പതിനായിരത്തോളം യു.എ. നമ്പർ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതുകൂടാതെ ഒരു ചെറിയ ചെറിയ കൺസ്ട്രക്ഷനും വേറെയുണ്ട്. അത് പരിശോധിച്ച് നടപടിയെടുക്കുന്നതിനായാണ് പുതിയതായി ഒരു വിജിലൻസ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, വ്യത്യസ്തമായ അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. അൺആതറൈസ്ഡ് ആയ കൺസ്ട്രക്ഷൻസ് റഗുലറൈസ് ചെയ്യുന്നതും ലീഗലൈസ് ചെയ്യുന്നതും ദുഃസൂചനയാണ്. അത് ചെളിയിൽ ചവിട്ടിക്കോളൂ പിന്നീട് കഴുകിയാൽ മതിയെന്നുള്ളതിനുള്ള ഒരു പ്രേരണയാണ്. കറ നല്ലതാണെന്ന് പരസ്യത്തിൽ പറയുന്നതുപോലെ ഇത്തരത്തിലുള്ള പരിപാടികൾ

കൂടുതൽ ആളുകൾക്ക് നിയമലംഘനം നടത്താനാണ് സഹായിക്കുന്നത്. പിന്നീട് റെഗുലറൈസ് ചെയ്യുന്നത് ഇതിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കുന്നതിനുപകരം ഇതിന് പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഇത് ആദ്യമായിട്ടല്ല. 1999-ലും 2010- ലും ഇതേ രീതിയിലുള്ള നിയമങ്ങളുണ്ടാക്കിയിട്ടുണ്ട്. യു.എ. നമ്പർ കൊടുത്തിട്ടുള്ളവയെ എന്തുചെയ്യാൻ സാധിക്കും. അവ പൊളിക്കാൻ സാധിക്കുമോ? ഏതെങ്കിലും കൺസ്ട്രക്ഷൻ പൊളിക്കുന്നതിനായി നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിൽ അപ്പോൾ തന്നെ ട്രൈബ്യൂണലിൽ പോയി സ്റ്റേ വാങ്ങുകയാണ്. ഈ രീതിയിൽ തിരുവനന്തപുരത്ത് പല കെട്ടിടങ്ങളും പൊളിക്കാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. പല കാരണങ്ങൾകൊണ്ടും അവർക്കതിന് കഴിഞ്ഞില്ല. സർക്കാർ വീണ്ടും ഇടപെട്ട് പൊളിച്ചുമാറ്റുന്നതിന് കർശനമായി തീരുമാനമെടുത്തപ്പോൾ അവർ കോടതിയിൽപോയി സ്റ്റേ വാങ്ങി. കൺസ്ട്രക്ഷൻ നടത്തിയിട്ടുണ്ടെങ്കിൽ അത് പൊളിച്ചുമാറ്റുക എന്നുള്ളത് പ്രാക്ടിക്കലല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, നമ്മുടെ നഗരങ്ങളിൽ വൻകിട കെട്ടിടങ്ങൾ നിയമവിരുദ്ധമായി വന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത്

കിഴക്കേകോട്ടയിൽ ക്ഷേത്രട്രസ്റ്റ് വക മതിലിനോട് ചേർന്ന് നിയമവിരുദ്ധമായി മൾട്ടി കോംപ്ലക്സുണ്ടാക്കിയിട്ടും നഗരസഭ കണ്ണടയ്ക്കുന്നു. പരാതി കിട്ടിയിട്ടും നഗരസഭ കണ്ണടയ്ക്കുന്ന ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് വൻകിടക്കാർ നടത്തുന്ന ഇത്തരം നിയമവിരുദ്ധ പ്രവൃത്തികൾ അവസാനിപ്പിക്കുന്നതിന് മുന്നോട്ട് വരുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ഷേത്രട്രസ്റ്റിന്റെ പരാതി പ്രകാരം 6.5.2010-ൽ എസ്.റ്റി.പി. വിജിലൻസ് ആ സ്ഥലം സന്ദർശിക്കുകയും നല്ല രീതിയിലുള്ള വയലേഷനുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. 29.6.2010-ന് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും അതിന് കഴിഞ്ഞില്ല. സർക്കാരിൽ നിന്നും 14.8.2010-നും 1.9.2011-നും റിമൈൻഡർ അയച്ചു. അപ്പോൾ കെട്ടിട ഉടമ ട്രൈബ്യൂണലിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങി. 3.2.2015-നും 18.5.2015-നും സർക്കാർ അത് പൊളിച്ചുമാറ്റാൻ കത്തെഴുതിയിട്ടുണ്ട്. ഇതുവരേയും നഗരസഭ അതിന്റെ കാര്യങ്ങൾ ചെയ്തിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)